**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
( ഹാജർ : അനു കുമാരി ഐ. എ. എസ് )

**കെ 3/310618/2021** **തീയതി : 13 .06.2025**

===================================================

വിഷയം: : പൊന്നുംവില - അഴൂരിനെയും-മുരുക്കുംപുഴയേയും കഠിനംകുളം കായലുമായി ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ- 2013 ലെ RFCTLARR ആക്ടിലെ വകുപ്പ് 15(3) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി സമുചിത സർക്കാർ ഉത്തരവാകുന്നു.

പരാമർശം: 1. 08/01/2025 ലെ 62 -നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.
2. 10/03/2025 ലെ 919 -നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.
3. പൊന്നുംവില (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ 31/ 05 /25 ലെ എ1/123/2021 നമ്പർ റിപ്പോർട്ട്.

---

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ അഴൂരിനെയും-മുരുക്കുംപുഴയേയും കഠിനംകുളം കായലുമായി ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായി ഏകദേശം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി ഏകദേശം 1.1911 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി പരാമർശം (1) പ്രകാരം പ്രാരംഭ വിജ്ഞാപനവും പരാമർശം (2) പ്രകാരം കൂട്ടിച്ചേർക്കൽ വിജ്ഞാപനവും പുറപ്പെടുവിച്ചിരുന്നു.

ടി വിജ്ഞാപനങ്ങളിന്മേൽ നിശ്ചിത സമയത്തിനകം ആക്ഷേപങ്ങളൊന്നും ലഭ്യമായിട്ടില്ല എന്ന് പരാമർശം (3) പ്രകാരം പൊന്നുംവില ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പൊതു ആവശ്യം പരിഗണിക്കുമ്പോൾ പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും പൊതു ആവശ്യത്തിന് ഉൾപ്പെട്ടുവരുന്നതാണെന്നും ഈ പദ്ധതിയുടെ പൂർത്തീകരണം മൂലം ചിറയിൻകീഴ് താലൂക്കിൽ കഠിനംകുളം കായലിന് കുറുകെ അഴൂർ-മുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാതയുള്ള പാലവും അനുബന്ധറോഡും രൂപീകരിക്കുന്നത് ഇവിടെയുള്ള ജനങ്ങൾക്ക് സഞ്ചാര സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അനിവാര്യമായതിനാലും പദ്ധതിയുടെ പ്രാരംഭ വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങളൊന്നും ലഭ്യമായിട്ടില്ലാത്തതിനാലും നിർദ്ദിഷ്ട പദ്ധതിയുടെ പ്രാഥമിക വിജ്ഞാപന പ്രകാരമുള്ള ഏകദേശം 1.1911 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് RFCTLARR ACT 2013 സെക്ഷൻ 15(3) പ്രകാരം തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (ബി) വകുപ്പ്,തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ല്യൂ.ഡി.ബ്രിഡ്ജസ് ഡിവിഷൻ, തിരുവനന്തപുരം

3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) തിരുവനന്തപുരം (നിയമം അനുശാസിക്കുന്ന
സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
4. എൻ.ഐ.സി. ഓഫീസർക്ക് - സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി
(ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്)

*Engish- Land Acquisition- Construction of road & bridge connecting Azhoor& Murukkumpuzha across Kadinamkulam lake - RFCTLARR Act-Section 15(3) order-decision of appropriate Govt.

*മലയാളം- പൊന്നുംവില- കഠിനംകുളം കായലിനു കുറുകെ അഴൂർ മുരുക്കുംപുഴ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കൽ 2013 ലെ RFCTLARR ആക്ട് വകുപ്പ് 15(3) സമുചിത സർക്കാർ ഉത്തരവ്.

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)